വില്ലനനികുതി അന്വേഷണ കമ്മിറ്റി.

* ൪൭. [൫൯] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറ് നിയമിച്ചിരുന്ന വില്ലനനികുതി അന്വേഷണക്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയോ;

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ എന്തു നടപടികൾ നടന്നു; ഇല്ലെങ്കിൽ എന്താണ് നടപടികൾ എടുക്കാതിരുന്നത്;

(സി) കമ്മിറ്റിയുടെ സുപാർശകൾ എന്തെല്ലാമാണ്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉവ്വ്.

(ബി) ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(സി) പൊതുജനനന്മയെ ലാക്കാക്കി വിവരം ഇപ്പോൾ പ്രസിദ്ധപ്പെടുത്താൻ പാടില്ലെന്ന് ഗവണ്മെൻറ് കരുതുന്നു.

നെല്ലിന്റെ വില വർദ്ധനവ്.

* ൪൯. [൯൫] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ലെവി പദ്ധതി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് നെല്ലിനും അരിക്കും സ്വതന്ത്രമാക്കറ്റിൽ അടിക്കടി വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു നിയന്ത്രിക്കുന്നതു് ആവശ്യമാണെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ;

(സി) എങ്കിൽ അതിനു് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടി എന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പുതിയ നെല്ലെടുപ്പു പദ്ധതി നടപ്പിൽ വന്നതിനുശേഷം നെല്ലിനും അരിക്കും സ്വതന്ത്രമാക്കറ്റിൽ പൊതുവെ വില വർദ്ധിച്ചിട്ടില്ല. പക്ഷെ വിളവുനാശം ഹേതുവായി സ്വതന്ത്രമാക്കറ്റിൽ വേണ്ടുവോളം നെല്ലു വരാതിരുന്നതുകൊണ്ടു് കഴിഞ്ഞ മിഥുനം, കർക്കടകമാസങ്ങളിൽ നെല്ലിനും, അരിക്കും വില കുറെ കയറിയിരുന്നു. എന്നാൽ രണ്ടു് ഔൺസു് അരി കൂടുതൽ റേഷൻ അനുവദിച്ചതുകാരണം സ്വതന്ത്ര മാക്കറ്റിലെ വിലക്കയറ്റം തടയപ്പെടുകയും കൊയ്ത്തു തുടങ്ങിയശേഷം വില വളരെ കുറയുകയും ചെയ്തിട്ടുണ്ടു്.

(ബി)-(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly